# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2337** **08.05.2017 ൽ മറുപടിക്ക്**

**ദേശീയ നൈപുണ്യ വികസന കോഴ്സുകൾ**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല | | പ്രൊഫ സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ), | 2018 -19 അദ്ധ്യയന വർഷം മുതൽ സംസ്ഥാന സിലബസിലുള്ള എല്ലാ സ്കൂളുകളിലും ദേശീയ നൈപുണ്യ വികസന കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ), | ഉണ്ട്. |
| (ബി), | സംസ്ഥാനത്ത് ഏതൊക്കെ വിഭാഗത്തിലുള്ള സ്ഥാപനങ്ങളിലാണ് കോഴ്സുകൾ നടപ്പാക്കുക; | (ബി) യും (സി) യും | നൈപുണ്യ വികസന കോഴ്സുകൾ ആരംഭിക്കുന്നതിനും, നടപ്പിലാക്കേണ്ടതും സംബന്ധിച്ച് എല്ലാ വിഷയങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ:ആർ.വി.ജി.മേനോൻ അധ്യക്ഷനായുള്ള ഒരു ഹൈപവർ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | കോഴ്സുകളെകുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; | | |
| (ഡി) | ഈ കേന്ദ്ര പദ്ധതി കൊണ്ട് ലക്ഷ്യം വെക്കുന്ന നേട്ടങ്ങളെന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ; | (ഡി) | സെക്കണ്ടറി - ഹയർസെക്കണ്ടറി തലത്തിൽ ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസ രംഗത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ഡിമാൻറ് അടിസ്ഥാനമാക്കിയുള്ള മോഡ്യൂലാർ വൊക്കേഷണൽ കോഴ്സിലൂടെ യുവജനങ്ങളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും സെക്കൻഡറി തലത്തിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് കുറച്ചുകൊണ്ട് വരുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ |
| (ഇ) | നൈപുണ്യ വികസന കോഴ്സുകൾ ഏർപ്പെടുത്താതെ സ്കൂൾ വികസനത്തിനും പരിശീലനത്തിനുമുള്ള കേന്ദ്രഫണ്ട് നൽകില്ലെന്ന നിലപാട് കേന്ദ്രം സ്വീകരിക്കുകയുണ്ടായോ; അതു കാരണമാണ് പദ്ധതിയോട് മുഖം തിരിഞ്ഞു നിന്ന കേരളം അടക്കമുള്ള സംസ്ഥാനങ്ങൾ ഇതു നടപ്പാക്കാൻ മുന്നോട്ടു വന്നതെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഇ) | 2017 മുതൽ എൻ.എസ്.ക്യൂ.എഫ്. (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്)മാനദണ്ഡങ്ങൾ പ്രകാരം കോഴ്സുകൾ നടപ്പാക്കാത്ത സംസ്ഥാനങ്ങൾക്ക് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട വിദ്യാഭ്യാസ ഫണ്ടുകൾ കിട്ടാത്ത സാഹചര്യമുണ്ട്. എന്നാൽ ഇതു കാരണമാണ് സംസ്ഥാനം എൻഎസ്.ക്യൂ.എഫ്. നടപ്പിലാക്കാൻ മുന്നോട്ടു വന്നത് എന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ